### പ്രകൃതി സംരക്ഷണ സംഘടനകളുടെ സംസ്ഥാന തല ഒത്തുചേരൽ

## എന്റോസൾഫാൻ ഉൾപ്പെടെ അന്താരാഷ്ട്ര സമൂഹം നിരോധിച്ച എല്ലാ കീടനാശിനി-കളനാശിനികളും

# കേരള സർക്കാർ നിരോധിക്കുക

ഇക്കഴിഞ്ഞ 14,15 തിയ്യതികളിലായി കാലടി പ്ലാന്റേഷൻ പരിസരത്തുവെച്ച് സംസ്ഥാനത്തെ വിവിധ പ്രകൃതി സംഘടനകളും വ്യക്തികളും 'കാട്ടുതീ' ക്കു ശേഷമുള്ള ചർച്ചകൾക്കായി ഒത്തുചേർന്നു. അങ്കമാലിയിലെ 'ഹരിത മൈത്രി' ആതിഥ്യമരുളിയ കൂട്ടായ്മയിൽ വയനാട് പ്രകൃതി സംരക്ഷണ സമിതി, പെരിയാർ മലിനീകരണ വിരുദ്ധ സമിതി, കൊച്ചിൻ പരിസ്ഥിതി സംഘം, എൻ.എ.പി.എം., സ്വദേശി ജാഗരൺ മഞ്ച്, ഉറവ് വയനാട്, തിരുവനന്തപുരത്തെ സെക്രട്ടറിയേറ്റ് ജീവനക്കാരുടെ സംഘടനയായ ഗ്രീൻസ്, നിലനിൽപ്പ് കൊടുങ്ങല്ലൂർ, സെൻസ് തൃശൂർ, ചാലക്കുടി പുഴ സംരക്ഷണ സമിതി, മറ്റു നിരവധി വ്യക്തികൾ എന്നിവർ പങ്കെടുത്തു.

ചർച്ചകൾ പ്രശസ്ത പക്ഷിനിരീക്ഷകനും പ്രകൃതി കൂട്ടായ്മ പ്രവർത്തകനുമായ പി.കെ. ഉത്തമൻ ഉദ്ഘാടനം ചെയ്തു. കാട്ടുതീ മൂലം കേരള പശ്ചിമഘട്ട നിരകൾക്കും പുഴകളുടെ ഉൽഭവസ്ഥാനങ്ങൾക്കും സംഭവിച്ച ദുരന്തങ്ങളുടെ ചിത്രവും അദ്ദേഹം വരച്ചുകാട്ടി. കേരളത്തിലാദ്യമായി ജനകീയ കൂട്ടായ്മയിൽ കോട്ടയം നേച്ചർ സൊസൈറ്റി മീനച്ചിലാറ്റിൽ നടത്തിയ മത്സ്യ കണക്കെടുപ്പിന്റെ വിശദാംശങ്ങളും ആമുഖ പ്രഭാഷണത്തിൽ അദ്ദേഹം വിവരിച്ചു. .

തുടർന്ന് ചർച്ചകൾക്ക് തുടക്കമിട്ട് ചാലക്കുടിപ്പുഴ സംരക്ഷണസമിതിയിലെ എസ്. ഉണ്ണികൃഷ്ണൻ, കഴിഞ്ഞ 5 വർഷമായി കേരളത്തിൽ ഏറ്റവും നിർണ്ണായകമാവുന്നത് 'വെള്ള' ത്തെ അപായപ്പെടുത്തുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങളാണെന്ന് വിശദീകരിച്ചു. അതിരപ്പിള്ളി ജലവൈദ്യുതി പദ്ധതി, മലമ്പുഴ - പെരിയാർ വിൽപ്പന, പ്ലാച്ചിമട, ചാലക്കുടിപ്പുഴയുടെ അഴിമുഖത്തെ സൗരാഷ്ട്ര സിമന്റ് കമ്പനി, സൈലന്റ് വാലിയിലെ പാത്രക്കടവ് പദ്ധതി, എക്സ്പ്രസ്സ് ഹൈവേ എന്നിങ്ങനെ ആ പട്ടിക നീളുന്നു. വെള്ളം വില്പനചരക്കാകുമോ എന്ന ആശങ്കയുണർത്തുന്ന നിർദ്ദിഷ്ട ജലനയത്തെക്കുറിച്ച് വിശദമായ ഒരു ചർച്ചാ സമ്മേളനം നടത്തുവാനും തീരുമാനിച്ചു.

തുടർന്ന് ഏറ്റവും കാലികമായ ഏലൂരിലെ എന്റോസൾഫാൻ പ്ലാന്റിന്റെ അഗ്നിബാധയും അതിനെ തുടർന്ന് ഏലൂരിലെ ജനങ്ങൾക്കുണ്ടായ പീഢനങ്ങളും വിശദമായി ചർച്ച ചെയ്യപ്പെട്ടു. നാട്ടുകാർക്ക് സുരക്ഷിതത്വം പ്രദാനം ചെയ്യേണ്ട ജില്ലാഭരണകൂടം, സംസ്ഥാന മലിനീകരണ ബോർഡ് എന്നിവയുടെ സമ്പൂർണ്ണ ഉത്തരവാദിത്വമില്ലായ്മ മൂലം ജനങ്ങൾ അനുഭവിച്ച മാനസിക സംഘർഷത്തിന് ആര് നഷ്ടപരിഹാരം നൽകും ? ഇവിടുത്തെ ഉൽപന്നമായ എന്റോസൾഫാൻ തളിച്ച നിത്യരോഗങ്ങളിലേക്ക് തള്ളിവിട്ട കാസർകോട്ടെ മനുഷ്യസമൂഹത്തെയും ചർച്ചയിൽ സ്മരിക്കുകയുണ്ടായി. സ്ഥിതി ഇത്ര വഷളായിട്ടും എന്റോസൾഫാൻ ഇനിയും തളിക്കണം എന്ന ശുപാർശ കേന്ദ്രസർക്കാരിന് നൽകിയ കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞൻമാരെ യോഗം നിശിതമായി വിമർശിച്ചു. എന്റോസൾഫാൻ പ്ലാന്റിന്റെ സുരക്ഷിതത്വമില്ലായ്മയുടെ പേരിലും എന്റോസൾഫാൻ സൃഷ്ടിക്കുന്ന പരിസ്ഥിതി - കൃഷി ദുരന്തത്തിന്റെ പേരിലും എന്റോസൾഫാൻ ഉൾപ്പെടെ അന്താരാഷ്ട്ര സമൂഹം നിരോധിക്കുകയോ വിലക്കേർപ്പെടുത്തുകയോ ചെയ്ത എല്ലാ കീടനാശിനികളും കേരള സർക്കാർ നിരോധിക്കണമെന്ന് സമ്മേളനത്തിൽ പൊതു പ്രമേയം ചർച്ചചെയ്തു പാസ്സാക്കി ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്ക് നിവേദനം നൽകുവാനും തീരുമാനിച്ചു.

**എസ്. ഉണ്ണികൃഷ്ണൻ**
ചാലക്കുടി പുഴസംരക്ഷണ സമിതി

## പരിസരനിയമവേദി

പരിസ്ഥിതിസംബന്ധമായ കേസുകളിൽ കോടതിയെ സമീപിക്കുന്ന വ്യക്തികൾക്കും സന്നദ്ധസംഘടനകൾക്കും അത്തരം കേസുകൾ കൈകാര്യം ചെയ്യുന്ന വക്കീലന്മാർക്കും ആവശ്യമായ സാങ്കേതിക സഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ രൂപീകരിച്ചിരിക്കുന്ന ഒരു സമിതിയാണ് പരിസര നിയമവേദി. വേദിയുടെ സഹായം ആവശ്യമുള്ളവർ താഴെപറയുന്ന വിലാസത്തിൽ ബന്ധപ്പെടുക.

കൺവീനർ, പരിസരനിയമവേദി, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, എ.കെ.ജി. റോഡ്, ഇടപ്പള്ളി, കൊച്ചി - 682 024
ഫോൺ: 0484-2532675

**കേരളീയം വായനക്കാരോടുള്ള അറിയിപ്പ്**

ജൂലായ്-ആഗസ്റ്റ് ഒരുമിച്ചുള്ള സിനിമ പ്രത്യേക പതിപ്പായി ഈ ലക്കമിറങ്ങുന്നതിനാൽ മറ്റു പല മാറ്ററുകൾ ചേർക്കാനായിട്ടില്ല.

പത്രാധിപർ

സുരേഷ് തൃക്കുന്നപ്പുഴ

